# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.14 — 01/12/2014 ൽ മറുപടിക്ക്

### ബാർ കോഴ ആരോപണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ.ടി.വി.രാജേഷ്<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.എസ്.ശർമ്മ. | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ധനകാര്യ വകുപ്പ് മന്ത്രി കെ.എം.മാണിയ്ക്കെതിരെ ബാർ വിഷയത്തിൽ കോഴ ആരോപണം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരെല്ലാമാണ് ഇതുമായി ബന്ധപ്പെട്ട് പരാതികൾ നൽകിയിട്ടുള്ളത്; അവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താമോ; ആക്ഷേപങ്ങൾ ഉന്നയിച്ചവർ ഉടൻ സമ്മർദ്ദങ്ങൾക്കിരയായാതായുള്ള റിപ്പോർട്ടുകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ; | (എ) ധനകാര്യവകുപ്പ മന്ത്രി ശ്രീ.കെ.എം.മാണിക്കെതിരെ ബാർ വിഷയത്തിൽ കോഴ ആരോപണം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരാതികൾ തന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br>ശ്രീ.വി.എസ്.അച്ചുതാനന്ദൻ - ബഹു: പ്രതിപക്ഷ നേതാവ്.<br>ശ്രീ.പി.കെ.രാജു, പട്ടം, മെഡിക്കൽ കോളേജ് - സ്വകാര്യ വ്യക്തി.<br>ശ്രീ.മുണ്ടേല ബഷീർ, നെടുമങ്ങാട് - സ്വകാര്യ വ്യക്തി.<br>വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിൽ പരാതിക്കാർ സമ്മർദ്ദത്തിനിരയായതായി തെളിഞ്ഞിട്ടില്ല. |
| (ബി) എത്ര രൂപ കോഴ ആവശ്യപ്പെട്ടതായും എത്ര രൂപ കൊടുത്തതായിട്ടുമാണ് ആക്ഷേപം ഉയർന്നിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് എന്ത് അന്വേഷണമാണ് നടത്തുന്നത് ; | (ബി) അഞ്ചു കോടി രൂപ കോഴ ആവശ്യപ്പെട്ടതായും ഒരു കോടി രൂപ കൊടുത്തിട്ടുള്ളതുമായാണ് ആരോപണം. ഇതുമായി ബന്ധപ്പെട്ട് ഒരു സത്വരാന്വേഷണമാണ് നടക്കുന്നത്. |
| (സി) പ്രസ്തുത അന്വേഷണത്തെത്തുടർന്ന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (സി) പ്രസ്തുത വിഷയത്തിൽ ആരോപണം ഉന്നയിച്ചവരും, ആരോപണ വിധേയരായവരുമായ 26 പേരെ ചോദ്യം ചെയ്ത് മൊഴികൾ രേഖപ്പെടുത്തി. അന്വേഷണം പുരോഗതിയിൽ ആണ്. |
| (ഡി) ബാർ വിഷയത്തിൽ മന്ത്രി മാണിയുടേതല്ലാതെ മറ്റേതെങ്കിലും മന്ത്രിമാരുടേയും മുഖ്യമന്ത്രിയുടേയും പേരിൽ ആക്ഷേപം ഉയർന്നിട്ടുണ്ടോ; ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഹർജികളുടേയും റിപ്പോർട്ടുകളുടേയും വെളിച്ചത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ ? | (ഡി) ബാർ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി മാണിയുടെതല്ലാതെ മറ്റേതെങ്കിലും മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും പേരിൽ ആക്ഷേപം ഉയർന്നതായി ഇതേവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ